ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:27.02.2025**

### പ്രധാനവാർത്തകൾ

1. **രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ നാല് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിന് തുടക്കം. ഏക്താ പ്രതിമയിൽ രാഷ്ട്രപതി പുഷ്പാർച്ചന നടത്തി.**
2. **മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കാനുള്ള നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം ഇന്ന് തിരുവനന്തപുരത്ത്.**
3. **ചാനൽ ചർച്ചയിൽ വിദ്വേഷ പരാമർശം നടത്തിയ കേസിൽ ബി ജെ പി നേതാവ് പി സി ജോർജിൻറ്റെ ജാമ്യാപേക്ഷ ഇന്ന് പരിഗണിക്കും.**
4. **കടൽമണൽ ഖനന നീക്കത്തിനെതിരെ മത്സ്യത്തൊഴിലാളി കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ തീരദേശ ഹർത്താൽ തുടരുന്നു.**
5. **രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ രണ്ടാം ദിനം ഉജ്ജ്വല മുന്നേറ്റവുമായി കേരളം.**

******************************************

RNUTVPM

**<u>രാഷ്ട്രപതി - ഗുജറാത്ത്</u>**

രാഷ്ട്രപതി ദ്രൗപതി മുർമു ഗുജറാത്തിലെ ഏക്താ പ്രതിമയിൽ പുഷ്പാർച്ചന നടത്തി. ഏകതാ നഗറിൽ ജംഗിൾ സഫാരിയിലും ശ്രീമതി മുർമു പങ്കെടുത്തു. അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ 44-ാമത് ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. നാല് ദിവസത്തെ സന്ദർശനത്തിനാണ് ശ്രീമതി ദ്രൗപതി മുർമു ഗുജറാത്തിൽ എത്തിയത്.

****************************************

**<u>മുഖ്യമന്ത്രി - യോഗം</u>**

മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം ഇന്ന്. ഉച്ചയ്ക്ക് ശേഷം സെക്രട്ടറിയേറ്റിലാണ് യോഗം. വനം, ധനകാര്യം, തദ്ദേശ സ്വയംഭരണം, വൈദ്യുതി, റവന്യൂ, ആരോഗ്യം, ജലസേചനം വകുപ്പ് മന്ത്രിമാർ യോഗത്തിൽ പങ്കെടുക്കും. ചീഫ് സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി എന്നിവരും യോഗത്തിൽ സന്നിഹിതരാകും. സംസ്ഥാനത്ത് അടുത്തിടെ വർദ്ധിച്ചു വരുന്ന വന്യജീവി അക്രമങ്ങളുടെ പശ്ചാതലത്തിലാണ് യോഗം.ം

****************************************

RNU TVPM

## കണ്ണൂർ ആറളം

കണ്ണൂർ ആറളം പുനരധിവാസ മേഖലയിൽ തമ്പടിച്ച കാട്ടാനകളെ തുരത്തുന്നതിനുള്ള ദൗത്യം പുരോഗമിക്കുന്നു. 6 ആനകളെ കാട്ടിലേക്ക് തുരത്തി. വനത്തിലേക്ക് തുരത്തിയ ആനകൾ തിരികെ ജനവാസ കേന്ദ്രത്തിൽ എത്തുന്നത് തടയാനായുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ദിവസം ആനയുടെ ചവിട്ടേറ്റ് ദമ്പതികൾ കൊല്ലപ്പെട്ടതിനെ തുടർന്നാണ് കാട്ടാനയെ തുരുത്തുന്ന ദൗത്യം ശക്തമാക്കിയത്.

****************************************

## വെഞ്ഞാറമൂട് കൊലപാതകം

വെഞ്ഞാറമൂട് കൂട്ടക്കൊലപാതക ക്കേസ് പ്രതി അഫാൻറെ മൊഴി പൊലീസ് രേഖപ്പെടുത്തി. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിയാണ് മൊഴി രേഖപ്പെടുത്തിയത്. അഫാൻറെ അറസ്റ്റ് ഇന്ന് രേഖപ്പെടുത്തിയേക്കും. വെഞ്ഞാറമൂട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന അഫാൻറെ മാതാവ് ഷെമിയുടെ മൊഴി പൊലീസ് ഇന്ന് രേഖപ്പെടുത്തുമെന്നാണ് സൂചന.

RNUTVPM

****************************************

## പി സി ജോർജ്

ചാനൽ ചർച്ചയിൽ വിദ്വേഷ പരാമർശം നടത്തിയ കേസിൽ അറസ്റ്റിലായ ബി ജെ പി നേതാവ് പി സി ജോർജിൻ്റെ ജാമ്യാപേക്ഷ കോടതി ഇന്ന് പരിഗണിക്കും. കോട്ടയം മുൻസിഫ് മജിസ്ട്രേറ്റ് കോടതിയാണ് ജാമ്യാപേക്ഷ പരിഗണിക്കുന്നത്. കേസിൽ അറസ്റ്റിലായ പി സി ജോർജ് കോട്ടയം മെഡിക്കൽ കോളജിൽ ചികിൽസയിൽ തുടരുകയാണ്. ഈരാറ്റുപേട്ട യൂത്ത് ലീഗ് നൽകിയ പരാതിയിൽ രജിസ്റ്റർ ചെയ്ത കേസിൽ അദ്ദേഹം

നൽകിയ മുൻകൂർ ജാമ്യാപേക്ഷ കോടതി നേരത്തെ തള്ളിയിരുന്നു.

***************************************

**കൊല്ലം- ഹർത്താൽ - (ഇൻട്രോ)**

കൊല്ലം ജില്ലയിൽ കടൽമണൽ ഖനന നീക്കത്തിനെതിരെ മത്സ്യത്തൊഴിലാളി കോ- ഓർഡിനേഷൻ കമ്മിറ്റി ആഹ്വാനം ചെയ്ത തീരദേശ ഹർത്താൽ തുടരുന്നു. 24 മണിക്കൂർ ഹർത്താൽ ഇന്ന് അർദ്ധരാത്രി വരെ നീളും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ........**
**(വോയിസ്.............)**

***************************************

**യു.ഡി.എഫ് യോഗം**

യു.ഡി.എഫ് നേതൃയോഗം ഇന്ന് കൊച്ചിയിൽ ചേരും. തദ്ദേശ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ യോഗം ചർച്ച ചെയ്യും. കോൺഗ്രസിലെ മറ്റ് സംഘടനാപരമായ വിഷയങ്ങളും ചർച്ചയായേക്കും.

***************************************

**വി ഡി സതീശൻ**

കോൺഗ്രസ്സിൽ നേതൃമാറ്റവുമായി ബന്ധപ്പെട്ട് ഒരു ചർച്ചയും നടക്കുന്നില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. യു ഡി എഫ് നേതൃയോഗത്തിന് മുന്നോടിയായി കൊച്ചിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കോൺഗ്രസ്സ് ഹൈക്കമാൻഡാണെന്നും പ്രതിപക്ഷ നേതാവ് വ്യക്തമാക്കി.

RNU TVPM

****************************************

## ആശാ വർക്കർമാർ - സമരം

ആശാവർക്കർമാരുടെ സമരം 18-ാം ദിവസമായ ഇന്നും തുടരുന്നു. ഓണറേറിയം വർധിപ്പിക്കുക, വിരമിക്കൽ ആനുകൂല്യം പ്രഖ്യാപിക്കുക ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചാണ് സെക്രട്ടേറിയേറ്റിന് മുന്നിൽ രാപകൽ സമരം. യൂത്ത് കോൺഗ്രസ് സമരത്തിന് പിന്തുണയുമായി ഇന്ന് പ്രതിഷേധ മാർച്ച് നടത്തും. അതേ സമയം ആശാ വർക്കർമാരുടെ സമരത്തിന് ബദലായി സി ഐ ടി യു നാളെ തിരുവനന്തപുരം ഏജീസ് ഓഫീലേക്ക് പ്രതിഷേധ മാർച്ച് സംഘടിപ്പിക്കും.

****************************************

## ബ്രേക്ക്.....

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

****************************************

## ജോർജ് കുര്യൻ

വിദ്യകൊണ്ട് പ്രബുദ്ധരാകണമെന്ന ശ്രീനാരായണ ദർശനമാണ് സംസ്ഥാനത്തെ വളർത്തിയതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. അരുവിപ്പുറം പ്രതിഷ്ഠയുടെ 137 -ാമത് വാർഷികവും മഹാശിവരാത്രി സമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ അദ്ധ്യക്ഷനായിരുന്നു.

****************************************

RNUTVPM

**ര‍ഞ്ജി ട്രോഫി**

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ രണ്ടാംദിനം

കേരളത്തിന് ഉജ്ജ്വല മുന്നേറ്റം. ആദ്യ സെഷനിൽ വിദർഭയുടെ മൂന്നുവിക്കറ്റുകൾ നഷ്ടപ്പെട്ടു. ആദ്യ ദിവസം കളി അവസാനിക്കുമ്പോൾ കേരളത്തിനെതിരെ വിദർഭ നാല് വിക്കറ്റിന് 254 റൺ എന്ന നിലയിലായിരുന്നു. നാഗ്പൂരിലാണ് മത്സരം. കന്നി രഞ്ജി ട്രോഫി കിരീടം ലക്ഷ്യമിട്ടാണ് കേരളം കളത്തിലിറങ്ങിയത്.

****************************************

**കോഴിക്കോട് കല്ലായിപ്പുഴ - (ഇൻട്രോ)**

കോഴിക്കോട് കല്ലായിപ്പുഴയിലെ ചെളി നീക്കി ആഴംകൂട്ടാനുള്ള നടപടികൾ ആരംഭിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**
**(വോയിസ്......)**

****************************************

**ബഡ്സ് ഒളിമ്പിയ**

കുടുംബശ്രീ ബഡ്സ് സ്കൂൾ, ബി.ആർ.സി വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന പ്രഥമ സംസ്ഥാന കായികമേള **"ബഡ്സ് ഒളിമ്പിയ'** ഇന്നും നാളെയും കാലിക്കറ്റ് സർവകലാശാലാ സിന്തറ്റിക് ട്രാക്കിൽ നടക്കും. 378 സ്ഥാപനങ്ങളിൽനിന്ന് അറന്നൂറിലധികം വിദ്യാർഥികൾ പങ്കെടുക്കും. വിവിധ വിഭാഗങ്ങളിലായി 35 കായികയിനങ്ങളുണ്ടാകും. ഭിന്നശേഷിയുള്ള വിദ്യാർഥികളുടെ കായികരംഗത്തെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം ഒരുക്കുകയാണ് മേളയുടെ ലക്ഷ്യം.

****************************************

RNU TVPM

**പാലക്കാട് വേല**

പാലക്കാട് മണപ്പുളിക്കാവ് വേല ഇന്ന്. ദേശവേലകൾ സംഗമിക്കുന്ന നഗരത്തിൽ ഉച്ചയ്ക്ക് ശേഷം ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്......**
**(വോയിസ്.................)**

****************************************

**എറണാകുളം-അന്തരിച്ചു**

CPI മുൻ എറണാകുളം ജില്ലാ സെക്രട്ടറിയും പറവൂർ മുൻ MLA യുമായിരുന്ന P.രാജു അന്തരിച്ചു. AITUC സംസ്ഥാന വൈസ് പ്രസിഡൻറും KREF-AITUC എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആദ്യകാല പ്രസിഡന്റുമായി പ്രവർത്തിച്ചിട്ടുണ്ട്. ജനയുഗം കൊച്ചി യൂണിറ്റ് മുൻ മാനേജറായിരുന്നു.

RNU TVPM

****************************************

**തുഞ്ചൻ ഉത്സവം**

അഞ്ച് ദിവസത്തെ തുഞ്ചൻ ഉത്സവത്തിന് തിരൂരിൽ തിരി തെളിഞ്ഞു. പ്രശസ്ത തമിഴ് സാഹിത്യകാരി ശിവശങ്കരി ഉദ്ഘാടനം ചെയ്തു. തുഞ്ചൻ പുസത്കോത്സവത്തിന് എം പി അബ്ദുസമദ് സമാദാനി എം പി തുടക്കം കുറിച്ചു. വൈകിട്ട് നാലിന് കോഴിക്കോട് ആകാശവാണിയുടെ കവിസമ്മേളനം അരങ്ങേറും.

****************************************

**കോട്ടയം -ഏറ്റുമാനൂർ**

ഏറ്റുമാനൂർ മഹാദേവ ക്ഷേത്രോത്സവത്തിന്
ഇന്ന് കൊടിയേറി. തന്ത്രി കണ്ഠര് രാജീവരുടെ മുഖ്യ
കാർമികത്വത്തിൽ കണ്ഠര് ബ്രഹ്മദത്തൻ, മേൽശാന്തി
ഇങ്ങേത്തല രാമൻ സത്യൻ നാരായണൻ എന്നിവർ
ചേർന്നാണ് കൊടിയേറ്റിയത്. എട്ടാം ഉത്സവദിനമായ മാർച്ച് 6-ന്
അർധരാത്രിയിലാണ് ചരിത്രപ്രസിദ്ധമായ ഏഴരപ്പൊന്നാന
ദർശനവും വലിയ കാണിക്കയും.

***************************************

**വയനാട് - തീപിടുത്തം**

വയനാട് കൽപ്പറ്റയിൽ ഹോട്ടലിൽ തീപിടുത്തം. കൽപ്പറ്റ
അഗ്നിരക്ഷാ സേനയിൽ നിന്നുള്ള മൂന്ന് യൂണിറ്റ് സ്ഥലത്തെത്തി
തീയണച്ചു. ഹോട്ടലിൻറെ കിച്ചണിൽ നിന്നുമാണ് തീ ഉയർന്നത്.

***************************************

RNU TVPM

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തിൽ. സെൻസെക്സ്
14 പോയിൻറ് നഷ്ടത്തിൽ 74,594- ലും നിഫ്റ്റി
22 പോയിൻറ് താഴ്ന്ന 22,527- ലും വ്യാപാരം തുടരുന്നു.
സ്വർണവില കുറഞ്ഞു. ഗ്രാമിന് 40 രൂപ കുറഞ്ഞ് 8,010 രൂപയും
പവന് 320 രൂപ കുറഞ്ഞ് 64,080 രൂപയുമായി.

***************************************

**ആറ്റുകാൽ പൊങ്കാല- ഹരിതചട്ടം**

ആറ്റുകാൽ പൊങ്കാലയ്ക്ക് ഹരിതചട്ടം പാലിക്കണമെന്ന്
ശുചിത്വമിഷൻ. ഹരിതപൊങ്കാല സംബന്ധിച്ച്
നിർദ്ദേശങ്ങളും ശുചിത്വമിഷൻ പുറത്തിറക്കി. മാലിന്യമുക്തം
നവകേരളത്തിൻറെ ഭാഗമായാണ് നിർദ്ദേശങ്ങൾ.

പൊങ്കാല അർപ്പിക്കാനുള്ള സാധനങ്ങൾ തുണിസഞ്ചിയിൽ കൊണ്ടുവരിക, വിറക് ഉൾപ്പെടെ ആവശ്യത്തിനു മാത്രം കരുതുക, സ്റ്റീൽ ഗ്ലാസ്, പ്ലേറ്റ് എന്നിവ ഉപയോഗിക്കുക, തുടങ്ങിയവയാണ് പ്രധാന നിർദ്ദേശങ്ങൾ.

***************************************

## ഐ.സി.സി ക്രിക്കറ്റ്

ഐസിസി ചാമ്പ്യൻസ് ട്രോഫി പുരുഷ ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന അവസാന ഗ്രൂപ്പ് മത്സരത്തിൽ പാകിസ്ഥാൻ ബംഗ്ലാദേശിനെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2:30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ അഫ്ഗാനിസ്ഥാനോട് പരാജയപ്പെട്ടതോടെ ഇംഗ്ലണ്ട് ടൂർണമെൻറിൽ നിന്ന് പുറത്തായി.

RNU TVPM

***************************************

***************************************

***************************************